ഹദീസ്

ഇ.എം അർഫദ് അലി, അൽജാമിഅ
em4arfadplv@gmail.com

# സത്യപാതയിലെത്തിയവരുടെ ഒന്നാമത്തെ ബാധ്യത

وعَنْ سَهْلِ بن سعدٍ (ر)، أنَّ النَّبيَّ (ص) قَالَ لِعَليّ، (ر) : فواللَّهِ لأنْ يهْدِيَ اللَّه بِكَ رجُلًا واحِدًا خَيْرٌ لكَ من حُمْرِ النَّعم (متفقٌ عليهِ)

**സഹ്‌ലു ബ്നു സഅ്ദിൽ (റ) നിന്ന് നിവേദനം. നബി(സ) അലി(റ)യോട് പറഞ്ഞു: 'അല്ലാഹുവാണ, താങ്കൾ മുഖേന ഒരാൾ സന്മാർഗത്തിലെത്തുന്നതാണ് ചുവന്ന ഒട്ടകങ്ങൾ ലഭിക്കുന്നതിനേക്കാൾ താങ്കൾക്ക് ഉത്തമം' (ബുഖാരി, മുസ്‌ലിം).**

ഒരു വിശ്വാസി തന്റെ രക്ഷിതാവിനോട് ഏറ്റവും കൂടുതൽ തേടുന്നത് തന്നെ സന്മാർഗപാതയിൽ നയിക്കേണമേ എന്നാണ്. ഇതിനാണ് ഹിദായത്ത് എന്ന് പറയുന്നത്. തന്നെ നേർവഴിയിൽ നടത്തിയതിന് അവനോട് വിശ്വാസി ഏറെ നന്ദിയുള്ളവനായിരിക്കുകയും ചെയ്യും. സത്യമായ അറിവ് ഉൾക്കൊണ്ടവരാണ് വിശ്വാസികൾ. എന്നാലും അത് പൂർണമല്ല. അതുകൊണ്ടാണ് ഓരോ നമസ്കാരത്തിലും 'ഹിദായത്തി'നു വേണ്ടി തേടാൻ അല്ലാഹു ആവശ്യപ്പെട്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ഹിദായത്തിനെ മനസ്സിലാക്കിയവർ അത് മറ്റുള്ളവർക്ക് എത്തിക്കുക എന്ന വലിയ ഉത്തരവാദിത്തം നിർവഹിക്കേണ്ടതുണ്ട്. ആ ഉത്തരവാദിത്തത്തെ ഓർമിപ്പിക്കുകയാണ് ഖൈബർ യുദ്ധവേളയിൽ റസൂൽ (സ), അലി(റ)യോട് പറഞ്ഞ ഈ വാക്യം.

ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഈ ഹദീസ് ഖൈബർ യുദ്ധത്തിന് മുന്നോടിയായി നടന്ന ഒരുക്കങ്ങൾ പ്രതിപാദിക്കുന്ന വിവരണത്തിന്റെ അവസാന ഭാഗം മാത്രമാണ്. ചില സന്ദർഭങ്ങളിൽ അലി(റ) ഈ ഭാഗം മാത്രമായി രിവായത്ത് ചെയ്തതായി ചരിത്രകാരന്മാർ പറയുന്നുണ്ട്. ഇമാം അബൂദാവൂദും വാക്യഘടനയിൽ ചെറിയ മാറ്റത്തോടെ ഇതേ ഹദീസ് റിപ്പോർട്ട് ചെയ്തതായി കാണാം.

കർമങ്ങളിൽ അതിവിശിഷ്ടവും മഹത്വമേറിയതുമാണ് ഇസ്‌ലാമിക പ്രബോധനം. യഥാർഥ മുസ്‌ലിം അതിൽ വ്യാപൃതനായിരിക്കും. അല്ലാഹുവിങ്കൽ അതിന് മഹത്തായ പ്രതിഫലം ഉണ്ട്. 'ചുവന്ന ഒട്ടകം' എന്നാണ് പ്രവാചകൻ ഇസ്‌ലാമിക പ്രബോധനത്തിന്റെ പ്രാധാന്യം വ്യക്തമാക്കാൻ വേണ്ടി പ്രയോഗിച്ച വാക്ക്. അറബികൾക്കിടയിൽ ഏറെ വിലപിടിപ്പുള്ളതും എന്നാൽ വളരെ വിരളവുമായിരുന്നു ചുവന്ന ഒട്ടകങ്ങൾ. പലരും ചുവന്ന ഒട്ടകങ്ങളെ സ്വന്തമാക്കാൻ ആഗ്രഹിച്ചിരുന്നു. അതുകൊണ്ടുതന്നെ ഇതിനേക്കാൾ മഹത്തരമായത് മറ്റൊന്നില്ല എന്ന് ധ്വനിപ്പിക്കാൻ അറബികൾ ഇങ്ങനെ പ്രയോഗിക്കാറുണ്ടായിരുന്നുവെന്ന് ഇബ്നു ഹജറുൽഅസ്ഖലാനി എഴുതുന്നു. നബി(സ) പറയുന്നു: ''ആരെങ്കിലും സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അയാളെ പിന്തുടരുന്നവനുള്ളതു പോലെ പ്രതിഫലം ക്ഷണിച്ചവനുമുണ്ട്. ആരുടെയും പ്രതിഫലത്തിൽ നിന്ന് ഒന്നും കുറയാതെ'' (മുസ്‌ലിം). എന്നാൽ ഇന്ന് മുസ്‌ലിം സമൂഹത്തിൽനിന്ന് അറിവില്ലായ്മ കൊണ്ടോ ധാരണക്കുറവ് കൊണ്ടോ ദഅ്വത്ത് (ഇസ്‌ലാമിക പ്രബോധനം) മാറ്റിനിർത്തപ്പെടുന്നുണ്ട്.

പേരു കൊണ്ട് മാത്രം മുസ്‌ലിമായവർക്ക് മതിയായ അറിവും ദീനീബോധവും പകർന്നു നൽകുക എന്ന ബാധ്യതയും ഈ ഹദീസിന്റെ പരിധിയിൽ ഉൾപ്പെടുമെന്ന് ഇബ്നു ഫൗസാൻ അഭിപ്രായപ്പെടുന്നുണ്ട്. മുസ്‌ലിം സമൂഹത്തിന്റെ സംസ്കരണം ദഅ്വത്തിന്റെ ഭാഗമായി നിലനിർത്തണം എന്നും ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം സ്ഥാപിക്കുന്നു. പ്രബോധനം നിർവഹിക്കുന്നവർ പ്രബോധിത സമൂഹത്തിന് മാതൃകയാവണമല്ലോ.

ഖൈബർ യുദ്ധവേളയിലാണ് നബി (സ) ഈ മഹദ്വചനം പറഞ്ഞത് എന്ന് നേരത്തേ സൂചിപ്പിച്ചു. യുദ്ധസന്ദർഭത്തിലെ ദഅ്വത്ത് ഏറെ ചിന്തകൾക്ക് അവസരം നൽകുന്ന ഒന്നാണ്. യുദ്ധ കാലങ്ങളിൽ എങ്ങനെയാണ് പ്രബോധനം സാധ്യമാവുക? ഇവിടെയാണ് നസ്വീഹത്ത് കടന്നുവരുന്നത്. ഇസ്‌ലാം നടത്തിയിട്ടുള്ള ഓരോ യുദ്ധവും നസ്വീഹത്തിന്റെ/സദുപദേശത്തിന്റെ തീവ്രതലങ്ങൾ മാത്രമാണ്. അത് അധർമത്തെ ഇല്ലാതാക്കാനും നന്മ കെട്ടിപ്പടുക്കാനും വേണ്ടി നടത്തപ്പെട്ടതാണ്. അധർമത്തിന് മുമ്പിൽ മൗനം ദീക്ഷിക്കൽ മുസ്‌ലിമിന് ചേർന്നതല്ല. നബി(സ) പറയുന്നു: 'ജനങ്ങൾ തിന്മ കാണുകയും അതിനെ തടയാതിരിക്കുകയും ചെയ്താൽ അല്ലാഹു അവർക്ക് ഒന്നടങ്കം ശിക്ഷയിറക്കിയേക്കും' (അബൂദാവൂദ്, തിർമിദി). നന്മ കൽപിക്കലും തിന്മ തടയലും പ്രബോധന പ്രവർത്തനങ്ങളിൽ ഏറെ പ്രധാനവും മഹത്വമേറിയതുമാണ്. അതുവഴി സത്യസാക്ഷ്യ വാഹകരായി നമുക്ക് മാറാൻ കഴിയും.

ദഅ്വത്തിന്റെ പല മാനങ്ങളും പ്രവാചകൻ വിശദീകരിച്ചിട്ടുണ്ട്. യുക്തിപൂർവം വിവേകത്തോടെ വേണം അത് നടത്താൻ. സാമൂഹിക സാഹചര്യങ്ങൾ മനസ്സിലാക്കി ഇസ്‌ലാമിനെ ജനങ്ങൾക്ക് അനുഭവിക്കാനുതകുന്നവിധം പ്രബോധന പ്രവർത്തനങ്ങൾ വികസിപ്പിക്കാൻ കഴിയേണ്ടതുണ്ട്. ഖുർആൻ പറയുന്നു: ''യുക്തികൊണ്ടും സദുപദേശം കൊണ്ടും നീ ജനത്തെ നിന്റെ നാഥന്റെ മാർഗത്തിലേക്ക് ക്ഷണിക്കുക. ഏറ്റം നല്ല നിലയിൽ അവരുമായി സംവാദം നടത്തുക. നിശ്ചയമായും നിന്റെ നാഥൻ തന്റെ നേർവഴി വിട്ട് പിഴച്ചുപോയവരെ സംബന്ധിച്ച് നന്നായറിയുന്നവനാണ്. നേർവഴി പ്രാപിച്ചവരെപ്പറ്റിയും സൂക്ഷ്മമായി അറിയുന്നവനാണവൻ'' (*അന്നഹ്ൽ*: 125). ●